വ്യവസായ കേരളം
14
Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala
www.industry.kerala.gov.in
01 APRIL 2022



# ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾക്ക് തുടക്കം

എന്റെ സംരംഭം നാടിന്റെ അഭിമാനം

## സുപ്രധാന പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ച് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന '**2022 – 2023 സംരംഭക വർഷം പദ്ധതിയുടെ** ' ഔപചാരികമായ ഉദ്ഘാടനം ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. ബഹു. വ്യവസായ - നിയമ - കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അദ്ധ്യക്ഷത വഹിച്ച പ്രസ്തുത ചടങ്ങിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി.ഗോവിന്ദൻ മാസ്ററർ സംരംഭകർക്കായി തയ്യാറാക്കിയ കൈപ്പുസ്തകത്തിന്റെ പ്രകാശനവും, ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ ലോഗോ പ്രകാശനവും നിർവ്വഹിച്ചു. 2022 മാർച്ച് 30 വൈകുന്നേരം 5.30 മണിക്ക് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വെച്ച് നടന്ന ചടങ്ങിൽ വ്യവസായ വകുപ്പിന്റെയും മറ്റ് വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരും സംരംഭകരും സന്നിഹിതരായിരുന്നു.


പദ്ധതിയിലൂടെ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് മികച്ച അവസരങ്ങളൊരുക്കാനും വായ്പ അടക്കമുള്ള സഹായങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനും സാധിക്കും. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ശിൽപശാലകൾ



സംഘടിപ്പിക്കും. ശിൽപശാലയിൽ പങ്കെടുത്ത് സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കായി ലൈസൻസ്, ലോൺ, സബ്സിഡി മേളകൾ സംഘടിപ്പിക്കും. ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് പ്രാദേശിക തലത്തിൽ ഏകോപനം നടത്താനും തുടർന്നുള്ള ഒരു വർഷക്കാലം ഓരോ തദ്ദേശ സ്ഥാപന തലത്തിലും സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട ഏകോപനങ്ങൾക്ക് നേതൃത്വം നൽകുവാനുമായി 1155 ഇന്റേൺസിനെയും വ്യവസായ വകുപ്പ് നിയമിക്കും.

ബഹു. എം. എൽ. എ, ശ്രീ. വി. കെ. പ്രശാന്ത്, ബഹു. തിരുവനന്തപുരം മേയർ കുമാരി ആര്യ രാജേന്ദ്രൻ, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി. കെ. രാമചന്ദ്രൻ, വ്യവസായ - നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല IAS, വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് IAS, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ IAS കെ. എസ്. ഐ. ഡി. സി മാനേജിംഗ് ഡയറക്ടർ ശ്രീ. എം. ജി. രാജമാണിക്കം IAS, കിൻഫ്ര മാനേജിംഗ് ഡയറക്ടർ, ശ്രീ. സന്തോഷ് കോശി തോമസ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. കെ. സുധീർ, മുൻ CII കേരള ചെയർമാൻ ശ്രീ. പി. ഗണേഷ്, KSSIA ജനറൽ സെക്രട്ടറി കെ.എ ജോസഫ്, എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# മുന്നേറ്റത്തിലേക്ക് നയിക്കുന്ന വാക്കുകൾ



അടിസ്ഥാന സൗകര്യ വികസനവും മികച്ച വ്യവസായ അന്തരീക്ഷവും ഒരുക്കി അടുത്ത 4 വർഷത്തിനുള്ളിൽ 10000 കോടി രൂപയുടെ വ്യവസായ നിക്ഷേപമാണ് കേരളം പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ വ്യവസായ മുന്നേറ്റ ചരിത്രമാകും വരും വർഷം

***ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ***



തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സേവനങ്ങൾ നൽകുക എന്നതിനൊപ്പം സംരംഭക പ്രോത്സാഹനം സാധ്യമാക്കുക എന്ന തലത്തിൽ കൂടിയാകും വരും വർഷങ്ങളിൽ പ്രവർത്തിക്കുക' -

***ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം. വി ഗോവിന്ദൻ മാസ്റ്റർ***



സംരംഭകർ ഓഫീസുകൾ കയറിയിറങ്ങേണ്ടിയിരുന്ന സാഹചര്യം പൂർണമായും കേരളത്തിൽ മാറുകയാണ്. വ്യവസായ വകുപ്പ് സംരംഭകരെ തേടിയിറങ്ങാനും താത്പര്യം പ്രകടിപ്പിക്കുന്നവരെ കൈപിടിച്ച് സംരംഭകനാക്കുന്നതിനുമുള്ള ബൃഹദ്പദ്ധതിയുടെ ഭാഗമായാണ് 2022-'23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിക്കുന്നത്.

***ബഹു. വ്യവസായ - നിയമ - കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്***



പുത്തൻ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചു കൊണ്ട് വലിയ മാറ്റങ്ങൾക്കൊരുങ്ങുന്ന കേരളത്തിലെ വ്യവസായ മേഖലക്ക് എല്ലാ വിധ സഹായവും ഉറപ്പ് നൽകുന്നു' -

***ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. എൻ. വാസവൻ***



## സംരംഭകരുടെ പ്രശ്ന പരിഹാരങ്ങൾക്കായി എം.എസ്.എം.ഇ ക്ലിനിക്കുകൾ ഉദ്ഘാടനം ചെയ്തു

സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിച്ചു മികച്ച വളർച്ച ഉറപ്പാക്കുന്നതിനായി വിദഗ്ധരുടെ സേവനം ഉറപ്പു നൽകുന്നതിനായി വ്യവസായ വകുപ്പ് ആരംഭിച്ച എം.എസ്.എം.ഇ ക്ലിനിക്കിന്റെ ഔപചാരിക ഉദ്ഘാടനം ബഹു. വ്യവസായ - നിയമ - കയർ വകുപ്പ് മന്ത്രി മന്ത്രി ശ്രീ പി. രാജീവ് 2022 മാർച്ച് 23-ാം തീയതി ഓൺലൈനായി നിർവഹിച്ചു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ലൈസൻസിങ്, മാർക്കറ്റിങ്, ഫൈനാൻസിംഗ്, തുടങ്ങിയ മേഖലകളിൽ ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് വ്യവസായ വകുപ്പ് എം.എസ്.എം.ഇ ക്ലിനിക്കുകൾ എന്ന പദ്ധതി ആവിഷ്ക്കരിച്ചത്.

വിശദമായ പദ്ധതി റിപ്പോർട്ട്, ലൈസൻസ്, നിയമം, മാർക്കറ്റിങ്, എക്സ്പോർട്ടിങ്, ബാങ്കിങ്, ജി.എസ്.ടി, ടെക്നോളജി എന്നീ മേഖലകളിൽ വിഷയ വിദഗ്ധരായവരെ എം.എസ്.എം.ഇ ക്ലിനിക്കുകൾക്കായി എംപാനൽ ചെയ്തിട്ടുണ്ട്. ഇതിനായി കേരളത്തിൽ 14 ജില്ലകളിലായി 168 വിഷയ വിദഗ്ധരുടെ സേവനമാണ് ലഭ്യമാക്കിയിരിക്കുന്നത്. എം.എസ്.എം.ഇ കളുമായി ബന്ധപ്പെട്ട സഹായങ്ങൾക്കായി ജില്ലാ ഓഫീസിനെയോ താലൂക്ക് ഓഫീസിനെയോ ബന്ധപ്പെട്ടാൽ ഈ വിദഗ്ധ സേവനം സൗജന്യമായി വ്യവസായ വകുപ്പ് ലഭ്യമാക്കും. ഈ പദ്ധതിക്കായി ചെലവ് വരുന്ന തുക വ്യവസായ വകുപ്പിന്റെ ഫണ്ടിൽ നിന്നും നൽകുകയും ചെയ്യും. ഇപ്രകാരം വിദഗ്ധരുടെ സേവനം ഉപയോഗിച്ച് സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിച്ചു മുന്നോട്ട് പോകാൻ അവരെ സഹായിക്കുക എന്നതാണ് എം.എസ്.എം.ഇ ക്ലിനിക്കുകളുടെ ലക്ഷ്യം.

എല്ലാ ജില്ലയിലെയും വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും എം.എസ്.എം.ഇ ക്ലിനിക്കിനായി എംപാനൽ ചെയ്യപ്പെട്ട വിഷയ വിദഗ്ധരും ചടങ്ങിൽ പങ്കെടുത്തു. കൂടാതെ കെ.എസ്.എസ്.ഐ.എ, സി. ഐ. ഐ, ഫിക്കി തുടങ്ങിയ സംഘടനകളുടെ പ്രതിനിധികളും മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

## നിക്ഷേപകരെ സ്വീകരിക്കാനൊരുങ്ങി കേരളം ; ദുബായ്ക്കു പുറത്തെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിക്കൊരുങ്ങി

# ട്രൈസ്റ്റാർ ഗ്രൂപ്പ്

TRISTAR

ദുബായ് ആസ്ഥാനമാക്കിയുള്ള ട്രൈസ്റ്റാർ ഗ്രൂപ്പ് കേരളത്തിൽ വിവിധയിടങ്ങളിൽ നിക്ഷേപത്തിനൊരുങ്ങുന്നു. നിക്ഷേപം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി അധികൃതരുമായി ചർച്ച നടത്തി. മീറ്റ് ദി ഇൻവസ്റ്റർ പരിപാടിയുടെ ഭാഗമായി ദുബായ് എക്സ്പോ 2020 വേദിയിൽ വച്ച് നടന്ന ചർച്ചയുടെ തുടർച്ചയായിരുന്നു കൂടിക്കാഴ്ച. പദ്ധതി പൂർത്തിയാകുന്നതോടെ പെട്രോ കെമിക്കൽ മേഖലയിൽ തെക്കൻ ഏഷ്യയിലെ തന്നെ സുപ്രധാന വ്യാപാര കേന്ദ്രമായി കേരളം മാറും.

നാല് ഘട്ടങ്ങളിലായി തയ്യാറാക്കുന്ന പദ്ധതി പൂർത്തിയാകുന്നതോടെ ദുബായ്ക്ക് പുറത്ത് ട്രൈസ്റ്റാർ ഗ്രൂപ്പിന്റെ ഏറ്റവും വലിയ നിക്ഷേപ കേന്ദ്രമായി കേരളം മാറും. കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് അതീവ തൽപരരായ ട്രൈസ്റ്റാർ അധികൃതർക്ക് ആവശ്യമായ നിയമപരമായ എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കും. പദ്ധതിയോടനുബന്ധിച്ച് ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കുന്നത്.

**ഒന്നാം ഘട്ടം** എണ്ണ സംഭരിക്കാൻ സാധിക്കുന്ന ഹൈ ടെക് ഫ്യുവൽ സ്റ്റേഷനുകൾ കേരളത്തിൽ 5 ഇടങ്ങളിലായി സ്ഥാപിക്കും

**രണ്ടാം ഘട്ടം** ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കും

**മൂന്നാം ഘട്ടം** ഹൈ ടെക് വെയർ ഹൗസുകളുടെ നിർമ്മാണം

**നാലാം ഘട്ടം** പെട്രോ പാർക്കുകൾ സ്ഥാപിക്കും

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.